**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2256** **06-07-2022 - ൽ മറുപടിയ്ക്ക്**

**പൊതുശ്മശാനം സ്ഥാപിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ (തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | പൊതുശ്മശാനം ഇല്ലാത്ത പഞ്ചായത്തുകളിൽ അവ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് വകുപ്പ് മുഖേന ധനസഹായം അനുവദിക്കുന്നതിനായി 2019-20 വർഷം വരെ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിരുന്നു. തുടർന്നുള്ള വർഷങ്ങളിൽ പ്രസ്തുത പദ്ധതിയ്ക്കായി സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിരുത്തിയിട്ടില്ല. നിലവിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനായി സ്ഥലം ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ അവയ്ക്ക് ലഭ്യമാകുന്ന വിവിധ ഫണ്ടുകൾ വിനിയോഗിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുശ്മശാനം നർമ്മിക്കുന്നതിനായി പദ്ധതി തയ്യാറാക്കി വരുന്നു. ഗ്യാസ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിന് ഇംപാക്റ്റ് കേരള മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ട്. |
| (ബി) | ഇതുവരേയും പൊതുശ്മശാനങ്ങൾ സ്ഥാപിച്ചിട്ടില്ലാത്ത എത്ര പഞ്ചായത്തുകളുണ്ട്; വിശദമായ വിവരം ലഭ്യമാക്കാമോ; | (ബി) | **539 ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം നിലവിലില്ല.** |

| ജില്ല | പൊതുശ്മശാനം നിലവില്ലാത്ത ഗ്രാമപഞ്ചായത്തുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 64 |
| കൊല്ലം | 62 |
| പത്തനംതിട്ട | 33 |
| ആലപ്പുഴ | 68 |
| കോട്ടയം | 47 |
| ഇടുക്കി | 34 |
| എറണാകുളം | 50 |
| തൃശ്ശൂർ | 35 |
| പാലക്കാട് | 24 |
| മലപ്പുറം | 39 |
| കോഴിക്കോട് | 38 |
| വയനാട് | 12 |
| കണ്ണൂർ | 23 |
| കാസർഗോഡ് | 10 |

| | | | |
|---|---|---|---|
| | | | |
| (സി) | പഞ്ചായത്തുകളിൽ ഇവ സ്ഥാപിക്കുന്നതിന് എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചതെന്നും സ്ഥലമെടുപ്പിനും അനുബന്ധ പ്രവൃത്തികൾക്കുമായി എത്ര തുകയുടെ ധനസഹായമാണ് അനുവദിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ; പ്രസ്തുത തുക പര്യാപ്തമാണോ; വിശദമാക്കാമോ; | (സി) | സംസ്ഥാനത്തെ 150 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ KIIFB യുടെ സഹായത്തോടെ പൊതുശ്മശാനം സ്ഥാപിക്കുന്നതിനായി സ.ഉ(സാധാ) 3382/2017/LSGD തീയതി 24/10/2017 പ്രകാരം 123 കോടി രൂപയുടെ ഭരണാനുമതി നൽകി സർക്കാർ ഉത്തരവായിട്ടുള്ളതാണ്. |
| (ഡി) | പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് മുഖ്യ തടസ്സമായി നിലനിൽക്കുന്ന വിഷയങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ; ആയത് ഫലപ്രദമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാകാത്തതും ലഭ്യമാകുന്ന സ്ഥലത്ത് പ്രദേശവാസികളുടെ എതിർപ്പ് ഉണ്ടാകുന്നതും പദ്ധതി നടപ്പിലാക്കുന്നതിന് തടസ്സമാകുന്നുണ്ട്.ആധുനിക ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് വേണ്ടിവരുന്ന തുക പൂർണ്ണമായും കണ്ടെത്താൻ സാമ്പത്തിക ശേഷി കുറഞ്ഞ ഗ്രാമപഞ്ചായത്തുകൾക്ക് കഴിയാത്തതും ഒരു പ്രധാന കാരണമാണ്.സ്ഥലം ലഭ്യമാകുന്നതിനുള്ള തടസ്സം പരിഹരിക്കുന്നതിന് ആവശ്യമായ ബോധവത്കരണം നടത്തുന്നതിനും വിവിധ രാഷ്ട്രീയ പാർട്ടികളുടെ സഹകരണത്തോടെ ചർച്ചകൾ നടത്തുന്നതിനും ഗ്രാമപഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ